**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2850

18.08.2017- ൽ മറുപടിയ്ക്ക്

## ഫറോക്കിലെ റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.വി.കെ.സി.മമ്മത് കോയ** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഫറോക്ക് പുതിയ പാലം മുതൽ പഴയ പാലം വരെയുള്ള റോഡ് കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനു സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഫറോക്ക് പുതിയപാലം മുതൽ പഴയപാലം വരെയുള്ള റോഡ് കയ്യേറ്റം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഫറോക്ക് വില്ലേജ് ഓഫീസർക്കും ഫറോക്ക് മുൻസിപ്പൽ സെക്രട്ടറിക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ സർവ്വേയറുടെ സഹായം വേണമെന്ന് വില്ലേജ് ഓഫീസർ ആവശ്യപ്പെട്ടതിനെ തുടർന്ന് താലൂക്ക് സർവ്വെയർ 1- ന് സർവ്വെ നടത്തി കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സമയ ബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർവ്വെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**